മെഡിക്കൽ, എൻജിനീയറിംഗ്, അഗ്രികൾച്ചർ, വെറ്റിനറി തുടങ്ങിയ പ്രൊഫഷണൽ കേഡറുകൾക്ക് തുല്യശമ്പളം നൽകുന്നത് യുക്തവും സന്തോഷകരവുമാണെന്ന് കമ്മീഷൻ പറഞ്ഞുവെങ്കിലും വെറ്റിനറി ബിരുദധാരികൾക്ക് ഉയർന്ന നിരക്കും അഗ്രികൾച്ചറൽ ബിരുദധാരികൾക്ക് കുറഞ്ഞനിരക്കുമാണ്. പ്രഖ്യാപിച്ചിട്ടുള്ളത്. പുതുക്കിയ ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടുള്ളത് ഏത് മാനദണ്ഡത്തിലാണെന്ന് മനസ്സിലാകുന്നില്ല. സംസ്ഥാനത്തെ കൃഷിവകുപ്പിനെ ഊർജ്ജസ്വലമാക്കാനും കഴിവുറ്റപ്രതിഭകളെ കൃഷിവകുപ്പിലേക്ക് ആകർഷിക്കാനും ഉതകുന്നവിധത്തിൽ കമ്മീഷന്റെ ശുപാർശകളിൽ ഭേദഗതിവരുത്തി ഈ ശമ്പളകമ്മീഷനിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും ആവശ്യപ്പെടുന്നു.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, അഗ്രികൾച്ചറൽ ആഫീസർമാർക്കും മെഡിക്കൽ ഓഫീസേഴ്സിനും അതുപോലെയുള്ള മറ്റു സാങ്കേതികവിഭാഗം ഉദ്യോഗസ്ഥൻമാർക്കും തുടക്കത്തിലും പ്രൊമോഷൻ തസ്തികയിലും തുല്യതവേണമെന്ന് നാലാം ശമ്പളകമ്മീഷൻ മുമ്പാകെ നിവേദനം ലഭിച്ചിരുന്നു. കമ്മീഷന്റെ അഭിപ്രായത്തിൽ ഓരോ വിഭാഗത്തിനേയും വിലയിരുത്തുമ്പോൾ അതാതിന്റെ സാങ്കേതികയോഗ്യതയും അതോടൊപ്പംതന്നെ പ്രവർത്തനസാഹചര്യവും പ്രൊമോഷൻ സാധ്യതകളും കണക്കിലെടുക്കേണ്ടതുണ്ട്. സമാനമായ സാഹചര്യം നിലനിൽക്കാത്തിടത്തോളംകാലം ഇത്തരം വിഭാഗങ്ങൾ തമ്മിൽ ശമ്പളസ്കെയിലിലും പ്രൊമോഷൻഗ്രേഡിലും പൂർണ്ണമായ തുല്യത കൈവരുത്താൻ സാധിക്കുകയില്ല എന്നാണ് കമ്മീഷൻ അഭിപ്രായപ്പെട്ടത്. നാലാം ശമ്പളകമ്മീഷൻ റിപ്പോർട്ടിൽ കൃഷിവകുപ്പിൽപ്പെട്ട ജൂനിയർ അഗ്രികൾച്ചറൽ ഓഫീസർമാരുടെ ശമ്പളപരിഷ്ക്കാരത്തെക്കുറിച്ച് പറയുന്നിടത്ത് അസിസ്റ്റന്റ് എൻജിനീയർമാരും ജൂനിയർ അഗ്രികൾച്ചറൽ ഓഫീസർമാരുമായി എൻട്രി ഗ്രേഡിലും ആദ്യത്തെ പ്രൊമോഷൻഗ്രേഡിലും തുല്യതയുള്ള കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ തുല്യത നിലനിറുത്താനും അതേപടി ശമ്പളപരിഷ്ക്കരിക്കാനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രൊമോഷൻ സാധ്യതകൾ വിരളമായതുകൊണ്ടു കമ്മീഷൻ സയൻറിഫിക്ക് അസിസ്റ്റന്റുമാർക്ക് ഒരു സീനിയർഗ്രേഡ് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്പോൾ ഒന്നാം ഗ്രേഡും രണ്ടാംഗ്രേഡും കൃഷി ഡെമോൺസ്ട്രേറ്റർമാരും തമ്മിൽ നിലവിലുള്ള 1:1 എന്ന അനുപാതം അതേപടി നിലനിറുത്താനും രണ്ട് ഗ്രേഡിലുമുള്ള ആകെ തസ്തികയുടെ പത്തിലൊന്ന് ഇപ്പോഴുള്ളതുപോലെ സീനിയർഗ്രേഡ് തുടരുന്നതിനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കൃഷിവകുപ്പിലെ വിവിധവിഭാഗം ജീവനക്കാർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന എന്തെങ്കിലും ആനുകൂല്യമോ പരിഗണനയോ കുറയ്ക്കുന്നതിനുള്ള യാതൊരു നിർദ്ദേശവും കമ്മീഷന്റെ റിപ്പോർട്ടിലില്ല. കമ്മീഷൻശുപാർശകൾ ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(12) സീതാറാം ടെക്സ്റ്റൈൽസ് മിൽസ്

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ഗവൺമെന്റുടമയിലുള്ളതും 1045 തൊഴിലാളികൾ ജോലി ചെയ്യുന്നതുമായ തൃശ്ശൂരിലെ സീതാറാം ടെക്സ്റ്റൈൽസ് മിൽസ് വളരെ ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധിയിലാണ്. ഇപ്പോൾതന്നെ കറൻറ് ചാർജ്, പ്രൊവിഡൻറ് ഫണ്ട്, ഇ. എസ്. ഐ. എന്നിവയ്ക്കു കൊടുക്കേണ്ടതും പഞ്ഞിയും പായവും

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിയതിന്റെ വകയായിട്ടും ഒരു 150 ലക്ഷം രൂപ അടിയന്തിരമായി കൊടുത്തുതീർക്കേണ്ടതുണ്ട്. ഇത് കൊടുത്തുതീർക്കാതിരുന്നാൽ മില്ലിന്റെ പ്രവർത്തനം സംതംഭിക്കാവുന്ന ഒരവസ്ഥവരും. ഇത് പഴയകൊച്ചിയിലെ ഏറ്റവും പഴക്കം ചെന്ന ഒരു മില്ലാണ്. 1959-ൽ അഗ്നിയ്ക്കിരയായതിനുശേഷം 12 വർഷം പ്രവർത്തനരഹിതമായി കിടന്നതിനുശേഷമാണ് ഗവൺമെന്റ് ആ മില്ലിന്റെ പ്രവർത്തനം ഏറ്റെടുത്ത് 1971-ൽ ഭാഗികമായും 1978-ൽ പൂർണ്ണമായും പ്രവർത്തനമാരംഭിച്ചത്. 1981 വരെയും അത് ലാഭകരമായി പ്രവർത്തിച്ചിരുന്നു. ഐ. എഫ്. സി. ഐ., ഐ. ഡി. ബി. ഐ. എന്നീ സ്ഥാപനങ്ങളിൽനിന്നും 282 ലക്ഷം രൂപ കടവും 203 ലക്ഷം രൂപ ഗവൺമെന്റ് ഷെയറും വച്ചാണ് പ്രവർത്തനമാരംഭിച്ചത്. ഈ മൂന്നു വർഷത്തെ പ്രവർത്തനഫലമായിതന്നെ ഏതാണ്ട് 140 ലക്ഷം രൂപ—93 ലക്ഷം രൂപ പലിശയായിട്ടും 47 ലക്ഷംരൂപ കടത്തിന്റെ മുതലായിട്ടും തിരിച്ചടയ്ക്കാൻ കഴിഞ്ഞ ഒരു മില്ലാണ്. 1982-നുശേഷമാണ് നഷ്ടത്തിൽ വന്നത്. അതിന്റെ പ്രധാന കാരണം 82-ൽ ആരംഭിച്ച കറൻറ്കട്ടായിരുന്നു. ഇപ്പോഴും കറൻറ്കട്ട് അവസാനിച്ചുവെങ്കിലും ലോഡ്ഷെഡിംഗ്മൂലം കറൻറ് റെഗുലറായിട്ട് കിട്ടാത്ത അവസ്ഥയാണ്. ഫലത്തിൽ കറൻറ്കട്ട് തന്നെ അവിടെ തുടരുകയാണ്. അതിന്റെ പലമായിട്ട് മുഴുവൻ ഷിഫ്ടും പ്രവർത്തിക്കാൻ കഴിയുന്നില്ല. ഒരു ഷിഫ്റ്റ് ഇപ്പോഴും തന്നെ നിറുത്തലാക്കി. പ്രൊഡക്ഷൻതന്നെ മൂന്നിലൊന്നായി കുറഞ്ഞു. ഇപ്പോഴും സ്റ്റാഫിന്റെ ശമ്പളംകൊടുക്കാനുള്ള ഉൽപ്പാദനം പോലും ഇല്ലാത്ത അവസ്ഥയാണ്. ഇത് ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് മൂന്നുവർഷംകൊണ്ട് തെളിയിച്ചതാണ്. ഇനിയും കൂടുതൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. പഴയ ഡയറക്ടർബോർഡ് അതിനാവശ്യമുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. ഒരു ടെക്സ്ടൈൽ വിദഗ്ദ്ധനായ ഡോ. പി. സി. മേത്ത തന്നെ അത് പരിശോധിച്ച് ആ മിൽ നവീകരിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ട് വർഷം രണ്ടിലേറെയായി. ഇതുവരെ അത് നടപ്പിലാക്കാനുള്ള നടപടിയുണ്ടായില്ല. ലോഡ്ഷെഡിംഗ് തുടരുകയാണ്. പെട്ടെന്ന് കൊടുത്തുതീർക്കേണ്ട കടബാധ്യതയും ഇതെല്ലാംകൂടി വരുമ്പോഴും വീണ്ടും ആ മില്ലിന്റെ പ്രവർത്തനം അവസാനിക്കുന്ന ഒരവസ്ഥയാണ്. ഗവൺമെന്റ് അടിയന്തിരമായി പി. സി. മേത്ത റിപ്പോർട്ടനുസരിച്ചുള്ള നവീകരണം നടപ്പിലാക്കുന്നതിനാവശ്യമായ പണം കൊടുക്കണം, ഗവൺമെന്റ് ഉടമയിലുള്ള മില്ലാണ്. കറൻറ്കട്ടിനെ വിശ്വസിച്ചിരിക്കാൻ പറ്റുകയില്ല. അവിടെ ഒരു ജനറേറ്റർ സ്ഥാപിച്ചുകൊടുക്കണം. അടിയന്തിരമായി കൊടുത്തുതീർക്കേണ്ട കടത്തിനാവശ്യമായ സഹായധനം നൽകി ആ മില്ലിന്റെ പ്രവർത്തനം സുഗമമാക്കാൻ നടപടിയെടുക്കണം. സീതാറാം മില്ലിലെ തൊഴിലാളികൾ ഇന്ന് സെക്രട്ടേറിയറ്റിന്റെ പടിക്കൽ എ. ഐ. റ്റി. യു. സി. യുടേയും സി. ഐ. റ്റി. യു. യുടേയും നേതൃത്വത്തിൽ ധർണ നടത്തിക്കൊണ്ടിരിക്കുകയാണ്. അവർക്ക് അതിനെപ്പറ്റി അതിയായ ആശങ്കയുണ്ട്: വ്യക്തമായിട്ടുള്ള ഒരു മറുപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നു മുണ്ടാകണം.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1971-ൽ വീവിംഗ് വിഭാഗം പുനരാരംഭിച്ചു. തൃശ്ശൂർ ജില്ലയിലെ വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് സീതാറാം മിൽ. 1975-ൽ സീതാറാം ടെക്സ്ടൈൽ എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം പുനരാരംഭിച്ചു. 1978-നു ശേഷം ഇന്നുവരെ അവിടെ ലാഭം ഉണ്ടായിട്ടില്ലെന്നാണ് കണക്കുകൾ കാണിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഐ. എഫ്. സി. ഐ, ഐ. ഡി, ബി. ഐ. എന്നീ ധനകാര്യസ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ 1978–ൽ പണി പൂർത്തിയാക്കിയെങ്കിലും ഈ സ്ഥാപനങ്ങൾക്ക് ലോൺ തിരിച്ചടക്കാത്തതിന്റെ കാരണംകൊണ്ടും പലിശ വർദ്ധിച്ചതിന്റെ കാരണംകൊണ്ടും അവർ തിടുക്കം കൂട്ടുകയുണ്ടായി. ഗവൺമെന്റ് ഇടപെട്ട് ഐ. എഫ്. സി. ഐ. യെക്കൊണ്ട് 1983-ൽ ഒരു യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിൽ വച്ച് ചില നിർദ്ദേശങ്ങളുണ്ടായി. മില്ലിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും അതിന്റെ പുനരുദ്ധാരണത്തിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻവേണ്ടി വിദഗ്ദ്ധ കമ്മിറ്റിയായ മേത്താകമ്മിറ്റിയെ നിശ്ചയിച്ചു.രണ്ടാമത്തേത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും ധനലക്ഷ്മി ബാങ്കും തമ്മിലുള്ള പാരിപാസു ചാർജ് പ്രശ്നം പരിഹരിക്കുന്നതിന് വ്യവസായ വകുപ്പു കമ്മീഷണർ യോഗം വിളിച്ചുകൂട്ടണമെന്നാണ്. അങ്ങനെ വ്യവസായ വകുപ്പ് കമ്മീഷണർ യോഗം വിളിച്ചുകൂട്ടി ആ പ്രശ്നത്തിന് പരിഹാരം കണ്ടു. ഐ. എഫ്. സി. ഐ., ഐ. ഡി. ബി. ഐ. മുതലായ ധനകാര്യ സ്ഥാപനങ്ങൾക്ക് പലിശ മുടക്കം കൂടാതെ അടയ്ക്കുന്നതിനുവേണ്ടി ധനസഹായം ഗവൺമെന്റ് നൽകണമെന്നതാണ് മൂന്നാമത്തെ നിർദ്ദേശം. ഈ നിർദ്ദേശത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ആവശ്യമായ ചർച്ചകൾ നടത്തി. അതിന്റെ ഫലമായി കമ്പനിക്ക് പല സഹായങ്ങളും ഗവൺമെന്റ് ചെയ്യുകയുണ്ടായി. മില്ലിന്റെ സർവ്വതോൻമുഖമായ പുരോഗതിക്കാവശ്യമായ നിർദ്ദേശങ്ങൾ 1984 മാർച്ചിലാണ് മേത്താകമ്മിറ്റി സമർപ്പിച്ചത്. അതിൽ 103.84 ലക്ഷം രൂപയുടെ ഒരു പദ്ധതിയാണ് വിഭാവനം ചെയ്തത്. 40 ലക്ഷം രൂപയുടെ മൂലധനമാണ്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ ഗവൺമെന്റ് പരിശോധിച്ചു. ഈ പദ്ധതിക്കുവേണ്ടി വരുന്ന മൊത്തം മൂലധനവും സംസ്ഥാനഗവൺമെന്റ് മാത്രമായി വഹിക്കാൻ കഴിയുകയില്ലെന്നും ധനകാര്യസ്ഥാപനങ്ങളുടെ സഹായം കൂടിയുണ്ടെങ്കിൽ മാത്രമേ സാധ്യമാവുകയുള്ളു എന്നും അതിനു വേണ്ടി ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ ഐ. എഫ്. സി. ഐ. യുമായി ചർച്ച ചെയ്യണമെന്നും മില്ലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഐ. എഫ്. സി. ഐ. വിളിച്ചുകൂട്ടിയ മീറ്റിംഗിൽ രണ്ടാമത്തെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും ധനലക്ഷ്മി ബാങ്കും തമ്മിലുള്ള പാരിപാസ് പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് എടുത്തു. 1985 ജൂൺ മാസത്തിൽ 75 ലക്ഷം രൂപയുടെ ഗ്യാരന്റി ഗവൺമെന്റ് നൽകി. 1984-85-ൽ 50 ലക്ഷം രൂപ ഷെഡ്ഡ് പുറപ്പെടുവിക്കാൻവേണ്ടി ഗവൺമെന്റ് റിലീസ് ചെയ്തു. ഇപ്പോൾ 110 ലക്ഷം രൂപ ആവശ്യമുണ്ടെന്നാണ് മിൽ അറിയിച്ചിട്ടുള്ളത്. ഈ 110 ലക്ഷം രൂപയിൽ ഇപ്പോൾ ഡിപ്പാർട്ടുമെന്റിന് 20 ലക്ഷം രൂപ മാത്രമേ വകയിരുത്താൻ കഴിഞ്ഞിട്ടുള്ളു. അത് തീരെ അപര്യാപ്തമാണ്. അതുകൊണ്ട് 110 ലക്ഷം രൂപ ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. ധനകാര്യ വകുപ്പ് ഇതു സംബന്ധിച്ച് വളരെ ഗൗരവമായി ആലോചിച്ചുവരികയാണ്. അങ്ങനെ ധനകാര്യവകുപ്പ് ഇതുസംബന്ധിച്ച് ആവശ്യമായ നടപടികൾ എടുക്കുമെന്നുള്ള പ്രതീക്ഷയിൽ ഈ കാര്യം പരിഹരിക്കാൻ ശ്രമിക്കുന്നതാണെന്നു മാത്രമേ ഞാൻ അറിയിക്കുന്നുള്ളൂ. സാമ്പത്തികമായ ചില വിഷമങ്ങൾ ഉള്ളതുകൊണ്ടുമാത്രമാണ് സന്ദർഭത്തിന് അനുയോജ്യമായി പണം കൊടുക്കാതിരുന്നത്. തൃശ്ശൂരിലെ ഈ മില്ലിന്റെ കാര്യം പരിഹരിക്കുന്നതിന് ഗവൺമെന്റ് വളരെ സത്വരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly